"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ്- എക്സൈസ്- ഇടുക്കി ഡിവിഷനിലെ കട്ടപ്പന റെയിഞ്ചിലെ 1996-97 സാമ്പത്തിക വർഷത്തിലെ അബ്കാരി കുടിശ്ശികക്കാരനായ പരേതനായ ജോസഫ് തോമസ് ആഞ്ഞിലിമൂട്ടിൽ-ന്റെ പേരിലുള്ള കുടിശ്ശിക എഴുതി തള്ളുന്നത്- അനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1059/2024/TAXES തീയതി,തിരുവനന്തപുരം, 30-11-2024

---

പരാമർശം:- 1. 13.04.2022-ലെ സ.ഉ.(സാധാ)നം.296/2022/നികുതി നമ്പർ ഉത്തരവ്.

2. എക്സൈസ് കമ്മീഷണറുടെ 10.01.2024-ലെ X.M.4-22179/03 നമ്പർ കത്ത്.

**ഉത്തരവ്**

1996-97 സാമ്പത്തിക വർഷത്തിൽ ഇടുക്കി ഡിവിഷനിലെ കട്ടപ്പന റെയിഞ്ചിലെ 1, 2, 4 ഗ്രൂപ്പുകൾ, അടിമാലി റെയിഞ്ചിലെ ഗ്രൂപ്പ് -4 എന്നീ കള്ള് ഷാപ്പുകളുടെ ലൈസൻസിയായിരുന്ന ഉടുമ്പൻചോല, തങ്കമണി, ആഞ്ഞിലിമൂട്ടിൽ പരേതനായ ജോസഫ് തോമസ്-ന്റെ പേരിലുണ്ടായിരുന്ന അബ്കാരി കുടിശ്ശികയിനത്തിൽ മുതലും പലിശയുമുൾപ്പടെ 92,31,800/- രൂപ എഴുതി തള്ളി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ മുൻപ് സമർപ്പിച്ച അപേക്ഷയിൽ കട്ടപ്പന റെയിഞ്ചിലെ കുടിശ്ശിക ചേർക്കാൻ വിട്ട് പോയിട്ടുള്ളതായിരുന്നുവെന്നും, അടിമാലി റേഞ്ചിലെ DCB സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ട തുക മാത്രം ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ജോസഫ് തോമസ്-ന്റെ കുടിശ്ശിക എഴുതി തള്ളാൻ ഉത്തരവായതെന്നും, ആയതിനാൽ കട്ടപ്പന റേഞ്ചിലെ അബ്കാരി കുടിശ്ശികയിൽ 31/10/2023 വരെ മുതലിനത്തിൽ 4,72,268/- രൂപയും പലിശയിനത്തിൽ 20,64,147/-രൂപയും ഉൾപ്പടെ ആകെ 25,36,415/- രൂപ എഴുതി തള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എക്സൈസ് കമ്മീഷണർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 1996-97 സാമ്പത്തിക വർഷത്തിൽ ഇടുക്കി ഡിവിഷനിലെ കട്ടപ്പന റെയിഞ്ചിലെ 1, 2, 4 ഗ്രൂപ്പുകൾ ഉൾപ്പെടുന്ന കള്ള് ഷാപ്പുകളുടെ ലൈസൻസിയായിരുന്ന ഉടുമ്പൻചോല, തങ്കമണി, ആഞ്ഞിലിമൂട്ടിൽ പരേതനായ

ജോസഫ് തോമസ്-ന്റെ പേരിൽ 31/10/2023 വരെ അബ്കാരി കുടിശ്ശികയിനത്തിലുള്ള 25,36,415/- രൂപ (ഇരുപത്തിഅഞ്ച് ലക്ഷത്തി മുപ്പത്തി ആറായിരത്തി നാനൂറ്റി പതിനഞ്ച് രൂപ മാത്രം) (മുതൽ 4,72,268/-രൂപ + പലിശ 20,64,147/-രൂപ) എഴുതിതള്ളുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

3) എക്സൈസ് കമ്മീഷണർ ഇതു സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:-

1.എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.
3.ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, ഇടുക്കി.
4.ധനകാര്യ വകുപ്പ് ( EXP-B1/395/2021-FIN dated 13-10-2024 പ്രകാരം)
5.പൊതുഭരണ (എസ്.സി) വകുപ്പ് (27/11/2024-ലെ ഇനം നം.2525 പ്രകാരം)
6.വെബ് & ന്യൂ മീഡിയ
7.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (എ1/14/2024-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Jagadish Babu M
സെക്ഷൻ ഓഫീസർ
Date: 30-11-2024 11:51:34

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-11-2024

ഫയൽ നം. എ1/14/2024/നികുതി.

ഇനം നം: 2525

വിഷയം : നികുതി വകുപ്പ് - പരേതനായ ജോസഫ് തോമസ്-ന്റെ പേരിലുള്ള 1996-97 സാമ്പത്തിക വർഷത്തെ അബ്കാരി കുടിശ്ശിക എഴുതിതള്ളുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Saradal

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

2525

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ 1/14/2024-നികുതി |
| 2 | വകുപ്പ് | : | നികുതി (എ) വകുപ്പ് |
| 3 | വിഷയം | : | പരേതനായ ജോസഫ് തോമസ്-ന്റെ പേരിലുള്ള 1996-97 സാമ്പത്തിക വർഷത്തെ അബ്കാരി കുടിശ്ശിക എഴുതിതള്ളുന്നത്- സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 31..10.2024 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചി ട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചി ട്ടുണ്ടോ? | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ.പ്രമോദ്.എം.വി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14.11.2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19.11.2024 |
| 12 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.എം.ബി.രാജേഷ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 21.11.2024. |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 23.11.2024. |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പരേതനായ ജോസഫ് തോമസ്-ന്റെ പേരിലുള്ള 1996-97 സാമ്പത്തിക വർഷത്തെ അബ്കാരി കുടിശ്ശിക എഴുതി തള്ളുന്നതു സംബന്ധിച്ചതാണ് ഈ കുറിപ്പ്.

(2) 1996-97 സാമ്പത്തിക വർഷത്തിൽ ഇടുക്കി ഡിവിഷനിലെ കട്ടപ്പന റെയിഞ്ചിലെ 1, 2, 4 ഗ്രൂപ്പുകൾ, അടിമാലി റെയിഞ്ചിലെ ഗ്രൂപ്പ് -4 എന്നീ കള്ള് ഷാപ്പുകളുടെ ലൈസൻസിയായിരുന്ന ഉടുമ്പൻചോല, തങ്കമണി, ആഞ്ഞിലിമൂട്ടിൽ പരേതനായ ജോസഫ് തോമസ്-ന്റെ പേരിലുണ്ടായിരുന്ന അബ്കാരി കുടിശ്ശികയിനത്തിൽ മുതലും പലിശയുമുൾപ്പടെ 92,31,800/- രൂപ എഴുതി തള്ളി 13/04/2022 - ലെ G.O (Rt) No.296/2022/Taxes പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മുൻപ് സമർപ്പിച്ച അപേക്ഷയിൽ കട്ടപ്പന റെയിഞ്ചിലെ കുടിശ്ശിക ചേർക്കാൻ വിട്ട് പോയിട്ടുള്ളതായിരുന്നുവെന്നും, അടിമാലി റേഞ്ചിലെ DCB സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ട തുക മാത്രം ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ജോസഫ് തോമസ്-ന്റെ കുടിശ്ശിക എഴുതി തള്ളാൻ ഉത്തരവായതെന്നും, ആയതിനാൽ കട്ടപ്പന റേഞ്ചിലെ അബ്കാരി കുടിശ്ശികയിൽ 31/10/2023 വരെ

മുതലിനത്തിൽ 4,72,268/- രൂപയും പലിശയിനത്തിൽ 20,64,147/- രൂപയും ഉൾപ്പടെ ആകെ 25,36,415/- രൂപ എഴുതി തള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എക്സൈസ് കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

(3) ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"മന്ത്രിസഭയുടെ അംഗീകാരത്തിന് വിധേയമായി, ജോസഫ് തോമസ് ന്റെ പേരിൽ കട്ടപ്പന റേഞ്ചിലെ അബ്കാരി കുടിശ്ശിക ഇനത്തിൽ നിലവിലുള്ള 25,36,415/- രൂപ കൂടി എഴുതി തള്ളുന്നതിന് അനുമതി നൽകാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

(4) ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

# തീരുമാനിക്കേണ്ട വിഷയം

1996-97 സാമ്പത്തിക വർഷത്തിൽ ഇടുക്കി ഡിവിഷനിലെ കട്ടപ്പന റെയിഞ്ചിലെ 1, 2, 4 ഗ്രൂപ്പുകൾ ഉൾപ്പെടുന്ന കള്ള് ഷാപ്പുകളുടെ ലൈസൻസിയായിരുന്ന ഉടുമ്പൻചോല, തങ്കമണി, ആഞ്ഞിലിമൂട്ടിൽ പരേതനായ ജോസഫ് തോമസ്-ന്റെ പേരിൽ 31/10/2023 വരെ അബ്കാരി കുടിശ്ശികയിനത്തിലുള്ള 25,36,415/- രൂപ (ഇരുപത്തിഅഞ്ച് ലക്ഷത്തി മുപ്പത്തി ആറായിരത്തി നാന്നൂറ്റി പതിനഞ്ച് രൂപ മാത്രം) (മുതൽ 4,72,268/-രൂപ + പലിശ 20,64,147/-രൂപ) എഴുതി തള്ളാവുന്നതാണോ?